

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 14)1070/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/08/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2ജോയന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,തൃശ്ശൂർ (ഉപരിപത്രം സഹിതം)
3കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി 14)1070/2024 തീയ്യതി: 06/08/2024

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-02-2023 മുതൽ 08-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വിനോദ് ശ്രീധർ.എസ്.	ജോയിന്റ് ഡയറക്ടർ	08-07-2024	12-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-07-2024	12-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
ഹാരിഷ്.വി.എ, അസിസ്റ്റന്റ് ഓഫീസർ
നിഷ.കെ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജിഷ.കെ.കെ.ഓഡിറ്റർ
ഷീഗ.സി.കെ, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

കെ.സി.പ്രസാദ്	പ്രസിഡന്റ്	01-04-2023	31-03-2024
റെജികുമാർ. വി.എസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
എ.ഡി.എ	കുര്യാക്കോസ്.കെ.ജെ	01-04-2023	04-01-2024
എ.ഡി.എ	ലക്ഷ്മി.കെ.മോഹന്	05-01-2024	31-03-2024
അസിസ്റ്റന്റ് എഞ്ചിനീയർ	സന്ദീപ്.സി.എസ്	01-04-2023	31-03-2024
അസി. എക്സ്സിക്യൂട്ടീവ് എഞ്ചിനീയര്	നയന ജോസ്.സി	01-04-2023	31-03-2024
സൂപ്രണ്ട് സി.എച്ച്.സി വാടാനപ്പിള്ളി	ഡോ.മിനി പി.എം	01-04-2023	16-06-2023
സൂപ്രണ്ട് സി.എച്ച്.സിവാടാനപ്പിള്ളി	ഡോ.നെബു ജോൺ വർഗീസ്	17-06-2023	31-07-2023
സൂപ്രണ്ട് സി.എച്ച്.സിവാടാനപ്പിള്ളി	ഡോ.പ്രസന്നകുമാർ വളവത്ത്	01-08-2023	31-03-2024
സൂപ്രണ്ട് സി.എച്ച്.സി വലപ്പാട്	ഡോ.നസീമ ഹംസ	01-04-2023	31-03-2024
എസ്.സി.ഡി.ഒ	ഷൈനി മോൾ കെ ബി	01-04-2023	31-03-2024
വെറ്റിനറി സർജൻ	ഡോ.സിൽവൻ	01-04-2023	31-03-2024
സി.ഡി.പി.ഒ	ശുഭ നാരായണൻ	01-04-2023	31-03-2024
ഡി.ഇ.ഒ	സ്മിത ജയിംസ്.പി	01-04-2023	02-02-2024
ഡി.ഇ.ഒ	ഷീല ടി ജി	03-02-2024	31-03-2024
വ്യവസായ വികസന ഓഫീസർ	സുധീർ.പി	01-04-2023	31-05-2023
വ്യവസായ വികസന ഓഫീസർ	നവ്യ രാമചന്ദ്രൻ	01-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-3
5	തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി	1-1-5
7	“Prior Period Items”-കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല	1-1-6
8	ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-7
9	ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ കണക്കാക്കി	1-1-8
10	Receivables From Government (Redemption Amount) -തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു	1-1-9
11	ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ഈയാവശ്യങ്ങൾക്കായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് (ബി -17)തുകകളും പൊരുത്തപ്പെടുന്നില്ല	1-1-10
12	മുൻകൂർ നൽകിയത്-വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-1-11
13	ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല	1-1-12
14	വരവ്- ചെലവുകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ വരുത്തുന്നില്ല	1-1-13
15	ബാങ്ക് ബുക്ക് നീക്കിയിരിപ്പും ബാങ്ക്/ട്രഷറി അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പും തമ്മിൽ വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തിയതിൽ അപാകങ്ങൾ	1-1-14
16	മൂലധനച്ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് Capital Contribution” ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല	1-1-15
17	ബജറ്റ്	1-2
18	ഫണ്ട് വിനിയോഗം	1-3
19	പദ്ധതി അവലോകനം	1-4
20	ക്യാഷ് ബാലൻസ് പരിശോധന	1-5
21	ആഭ്യന്തര നിയന്ത്രണം	1-6
22	രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത	1-7
23	ഉപയോഗ ശൂന്യമായ പാഴ് വസ്തുക്കൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല	1-8
24	പെയിൻ & പാലിയേറ്റീവ് കെയർ പഞ്ചായത്തിനുള്ള വിഹിതം-ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-9
25	ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-10
26	പഠനമുറി പൂർത്തീകരിച്ചിട്ടില്ല	1-11
27	എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല	1-12
28	തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് സമുച്ചയ നിർമ്മാണം-ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല.	1-13
29	സംരംഭകർക്ക് പലിശ സബ്സിഡി -തുക അധികം നൽകി.	1-14
30	എസ്.സി.വനിതാ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് വായ്പാ ബന്ധിത സബ്സിഡി-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്.	1-15
31	മാലിന്യ സംസ്കരണ പ്രൊജക്ടുകൾ -അവലോകനം	1-16
32	തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തി നാളിതു വരെ ആരംഭിച്ചിട്ടില്ല.	1-17

33	പട്ടാളി എസ്.സി.കോളനി മിനി സാംസ്കാരിക നിലയം നിർമ്മാണം ഒന്നാം ഘട്ടം -പണി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.	1-18
34	തൻവർഷം ഫസ്റ്റ് & പാർട്ട് ബിൽ നൽകിയതും കരാർ കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.	1-19
35	മരാമത്ത് പ്രവൃത്തികളിൽ നിന്ന് കഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല	1-20
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാതിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിശദാംശങ്ങൾ	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-9
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 19.06.2024ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 20.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 06.08.2024

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ,ചട്ടം 62 (എഫ്)

1–1–2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് – ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1622242/-)രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 893017/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്(2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ്ചട്ടങ്ങൾ ,ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-4 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് പ്രകാരം (നമ്പർ 1989101010002) 35120/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് വിവരം ബാലൻസ് ഷീറ്റിലെ ബി – 17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

1-1-5 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1	410300102- Roads – Tarred
2	410300103-Roads Metal
3	410300301-Cuiverts

ഈ ആസ്തികളിന്മൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതത് സ്ഥാപനങ്ങൾക്ക് കൈമാറിയവയോ ആണെന്ന് കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്.

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-6 “Prior Period Items”-കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/03/2024 ലെ ലെഡ്ജർ ബാക്കി
280800301-Prior Period-Operations And Maintenance Expenses	7181
280200401-Prior Period Income-Other Incomes	4354645
280800401-Prior Period Interest And Financial Charges	(261116)

1-1-7 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ ₹13,275/- കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ കണക്കാക്കി

31/03/2024 ലെ ബാലൻസ്ഷീറ്റ് പ്രകാരം Roads (Tarred&Metal) ആസ്തികളുടെ ആകെ മൂല്യം 2794180/-രൂപയാണ്. എന്നാൽ Roads & Bridges ആസ്തികളുടെ 31/03/2024 ലെ Accumalated Depreciation ആയി 3548957/-രൂപ കാണിച്ചിട്ടുണ്ട്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതും മേൽ ആസ്തികൾ വാർഷികകണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-1-9 Receivables From Government (Redemption Amount) -തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

31.03.2023 ന് സർക്കാർ ജി.പി.ജി ട്രഷറി അക്കൗണ്ടിൽ നിന്നും (നമ്പർ 799013000001183) 2692235/- രൂപയും എസ്.ടി.എസ്.ബി ട്രഷറി അക്കൗണ്ടിൽ (799011400003270) നിന്നും 4533970/-രൂപയും തിരിച്ചെടുക്കുകയും 04.04.2024 ന് ഈ തുകകൾ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തിരികെ ലഭിച്ച4533970/-രൂപ വാർഷിക കണക്കിൽ R-43 പട്ടികയിൽ വരവ് വന്നിട്ടില്ല. 31.03.2024ലെ ബാലൻസ് ഷീറ്റിൽ അന്നേ ദിവസം സർക്കാർ തിരിച്ചെടുത്ത 2380633/-രൂപ മാത്രം കാണിക്കേണ്ടതിനു പകരം മേൽ പറഞ്ഞ 4533970/-രൂപയും ഉൾപ്പെടെ 6914603/-രൂപ Receivables From Government (Redemption Amount) ആയി B-15 പട്ടികയിൽ കാണിച്ചിരിക്കുന്നു.

1-1-10 ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ഈയാവശ്യങ്ങൾക്കായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് (ബി -17)തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/2024 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമ നമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൌണ്ട്	തുക
1	320100110	Centrally Sponsored Scheme-Indira Awas Yojana (IAY)- General	**4585926**	450610107	Union Bank(12315)	194396
				450620104	CSB (190001)	4489787
				Total		**4684183**
2	320100115	Centrally Sponsored Scheme-(TSC)	**143826**	450420101	Kerala Gramin Bank (27262)	**143720**
3	320100199	Centrally Sponsored Scheme-Grants And Funds & Contributions For Specific Purposes-Central Government	**5887971**	450210105	Canana Bank (345015)	**2254049**
4	320200111	Development Fund-CFC Grant Tied	**1676799**	450620111	Scheduled Bank (1000232)	**5430592**
	320200112	Development Fund-CFC Grant Untied	**419015**			
	Total		**2095814**			
5	320200324	Grants And Funds For Pandemic/ Epidemic Control	**410842**	450410102	CFLTC SBI(3197)	**333016**
6	320700203	Contribution Forjoint Venture Pojects (For Revenue Expenditure)-	**4094898**	450420109	SMGB (8723)	**426378**

		from Village Panchayats)				
	320700205	Contribution Forjoint Venture Pojects (For Revenue Expenditure)- from District Panchayats)	**110247**	450610101	UBI(1236)	**153**
	Total		**4205145**	Total		**426531**
7	320900101	Nirmal Puraskar	**5231**	450410101	Canara Bank (59967)	**12658**

1-1-11 മുൻകൂർ നൽകിയത്-വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-18 പ്രകാരം 3408574/- രൂപ Advance To Implementing Officers എന്നയിനത്തിലും 48275/-രൂപ Advance To Implementing Agencies-Deposit With Kerala Water Authority എന്നയിനത്തിലും നൽകിയതിൽ ക്രമീകരിക്കാനുള്ളതായി കാണുന്നു. മുൻവർഷത്തിലും ഇതേ തുക തന്നെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-12 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി-7 പട്ടികയിൽ കാണിച്ചിട്ടുള്ള ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകാനുള്ള 729030/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-13 വരവ്- ചെലവുകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ വരുത്തുന്നില്ല

പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലോ ട്രഷറി അക്കൗണ്ടിലോ നിക്ഷേപിക്കുന്നതും പിൻവലിക്കുന്നതുമായ തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ബാങ്കിൽ/ട്രഷറിയിൽ നിന്ന് ലഭിക്കുന്ന പ്രതിമാസ അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് /ട്രഷറി അക്കൗണ്ടിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി താരതമ്യപ്പെടുത്തേണ്ടതുമാണ്(2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 6). എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ 2023-24 വർഷം പാലിച്ചിട്ടില്ല. 2023 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിലെ തനതു ഫണ്ടിന്റെ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് അക്കൗണ്ടിന്റെ (ശീർഷകം- 450610102) 21 എൻട്രികളും ജനറൽ പർപ്പസ് ഗ്രാന്റിന്റെ ട്രഷറി അക്കൗണ്ടിന്റെ(ശീർഷകം 450250102) പ്രസ്തുത കാലയളവിലെ 111 എൻട്രികളും 2023 സെപ്റ്റംബർ മാസത്തിലാണ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-14 ബാങ്ക് ബുക്ക് നീക്കിയിരിപ്പും ബാങ്ക്/ട്രഷറി അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പും തമ്മിൽ വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തിയതിൽ അപാകങ്ങൾ

സ്ഥാപനത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2024 ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പും ബാങ്ക്/ട്രഷറി അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തലുകൾ നടത്തിയ പത്രിക പരിശോധിച്ചതിൽ Cheque Issued But Not Presented ആയി കാണിച്ചിട്ടുള്ള തുകകൾ ബാങ്കിൽ/ട്രഷറിയിൽ നിന്നും തൻവർഷം തന്നെ പിൻവലിച്ചിട്ടുള്ളതായും Cheque Deposited But Not Collected ആയി കാണിച്ചിട്ടുള്ള തുകകൾ തൻവർഷം തന്നെ ബാങ്കിൽ/ട്രഷറിയിൽ വരവ് വന്നതായും കാണുന്നു. കൂടാതെ Directly Debited By Bank, Directly Crediited By Bank എന്നിങ്ങനെ കാണിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട

ബാങ്ക് ബുക്കുകളിൽ യഥാക്രമം വരവായും ചെലവായും തൻവർഷം തന്നെ അക്കൗണ്ട് ചെയ്തിട്ടുണ്ട്. പൊരുത്തപ്പെടുത്തൽ പത്രികയിൽ കാണിച്ചിട്ടുള്ള ഭൂരിഭാഗം തുകകളെ സംബന്ധിച്ചും ഇത്തരം അപാകതകൾ നിലനിൽക്കുന്നു. ഇപ്രകാരം ധാരാളം എൻട്രികളിലായി വൻതുകകൾ കാണിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

Cheque Issued But Not Presented

ഇൻസ്ട്രുമെന്റ് നമ്പർ, തീയതി	തുക	**ബാങ്ക്/ട്രഷറി അക്കൗണ്ട്**	ട്രഷറി/ ബാങ്കിൽ നിന്നും തുക പിൻവലിച്ച തീയതി
7778435/ 03.11.2023	278716	799013000001183/ ട്രഷറി-ജി.പി.ജി അക്കൗണ്ട്	02.02.2024
036947/ 24.07.2023	178135	40282100102078/ തനത് ഫണ്ട്	24.07.2023
036948/ 30.08.2023	100000	40282100102078/ തനത് ഫണ്ട്	30.08.2023

Cheque Deposited But Not Collected

ഇൻസ്ട്രുമെന്റ് തീയതി	തുക	**ബാങ്ക്/ട്രഷറി അക്കൗണ്ട്**	തുക ബാങ്കിൽ വരവ് വന്ന തീയതി
04.04.2023	2692235	799013000001183 ട്രഷറി-ജി.പി.ജി അക്കൗണ്ട്	04.04.2023
17.06.2023	50000	40282100102078/ തനത് ഫണ്ട്	19.06.2023

Directly Debited By Bank

തുക	**ബാങ്ക്/ട്രഷറി അക്കൗണ്ട്**	തുക ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഡെബിറ്റ് ആയി രേഖപ്പെടുത്തിയ തീയതി	തുക ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയ തീയതി
628476	799013000001183/ ട്രഷറി-ജി.പി.ജി അക്കൗണ്ട്	16.09.2023	04.10.2023
178135	40282100102078/ തനത് ഫണ്ട്	24.07.2023	14.09.2023

Directly Crediited By Bank

തുക	ബാങ്ക്/ട്രഷറി അക്കൗണ്ട്	തുക ബാങ്ക് സ്റ്റേറ്റ്മെന്റിൽ ക്രഡിറ്റായി രേഖപ്പെടുത്തിയ	തുക ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയ

		തീയതി	തീയതി
270526	799013000001183/ ട്രഷറി-ജി.പി.ജി അക്കൗണ്ട്	20.11.2023	31.03.2024
29500	40282100102078/ തനത് ഫണ്ട്	23.01. 2024	22.03.2024

1-1-15 മൂലധനച്ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് Capital Contribution" ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി വാഹനം വാങ്ങുന്നതിനായി 2023-24 വർഷം പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും 1287440/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	വൗച്ചർ നമ്പർ	തീയതി	തുക
എസ് 0018/24	22300380	14.11.2023	1091126
	22300581	16.01.2024	196314
		ആകെ	1287440

മേൽ ചെലവ് റവന്യൂച്ചെലവായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന മൂലധനച്ചെലവുകൾ Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുണ്ട്. 31/03/2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരമുള്ള " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2024 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്(₹12877845/-)

1-2 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	22.03.2023, തീരുമാനം നം. 1	
പ്രതീക്ഷിത വരവ്, പ്രതീക്ഷിത ചെലവ് എന്നിവ	**വരവ്**	**ചെലവ്**
	396274694	388912000
റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	29-01-2024, തീരുമാനം നം. 1(5)	
വരവ്, ചെലവ് എന്നിവ	**വരവ്**	**ചെലവ്**
	236118650	229874410

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	*നീക്കിയിരിപ്പ്/ **ലാപ്സായ തുക
വികസനഫണ്ട്-ജനറൽ	0	27285000	27285000	24598949	**2686051
വികസന ഫണ്ട് – എസ് സി പി	0	14188000	14188000	9425690	**4762310
മെയിന്റനൻസ് ഫണ്ട് നോൺ - റോഡ്	0	11104000	11104000	4881159	**6222841
സെൻട്രൽ ഫിനാൻസ്	2080171	4518000	6598171	1959091	*4639080

കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	4179429	3388500	7567929	10399221	*(_)2831292
ഹെൽത്ത് ഗ്രാന്റ്	0	2757000	2757000	208041	*2548959

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറുമായി ബന്ധപ്പെട്ട് വാർഷികക്കണക്കിലുള്ള പൊരുത്തക്കേടുകൾ ഖണ്ഡിക 1-1-10 ൽ പരാമർശിച്ചിട്ടുണ്ട്.

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
106	98875380	54	52800088	53.4	51

1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2024 ന് സ്ഥാപന തലവന്റെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-7 രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

ഡെപ്പോസിറ്റ് രജിസ്റ്റർ,ആസ്തി രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയവ ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5 തീയതി 12.07.24)

1-8 ഉപയോഗ ശൂന്യമായ പാഴ് വസ്തുക്കൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ലേല രജിസ്റ്റർ പ്രകാരം 2023-24 ൽ ലേലം ഒന്നും തന്നെ നടന്നതായി കാണുന്നില്ല .പഞ്ചായത്തിന്റെ പരിസരത്തു സൂക്ഷിച്ചിരിക്കുന്ന പതിനഞ്ചു വർഷത്തെ കാലാവധി കഴിഞ്ഞ ബൊലേറോ(KL08A734) എന്ന വാഹനം, 16.03.2024 ലെ 5(9) തീരുമാനം പ്രകാരം തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ വാടാനപ്പള്ളി, വലപ്പാട് എന്നീ CHC കളിലെ ടോയ്ലറ്റ് നിർമ്മാണവുമായി ബന്ധപെട്ട വലപ്പാട് CHC യിൽ നിന്നും പൊളിച്ചു മാറ്റിയ പഴയ ഗേറ്റ് , വാടാനപ്പള്ളി CHCയിൽനിന്നു പൊളിച്ചു മാറ്റിയ മര ഉരുപ്പടികൾ , 30.01.2024 ലെ A 35 /23നമ്പർ തീരുമാന പ്രകാരം നാട്ടിക VEO ക്വാർട്ടേഴ്സ് അറ്റകുറ്റ പണി എന്ന പദ്ധതിയുമായി ബന്ധപ്പെട്ടു പൊളിച്ച പഴയ ഗേറ്റ് (62.88 Kg), ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന പഴയ വസ്തുക്കൾ എന്നിവ ലേലം ചെയ്തു കൈയൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ്

എൻക്വയറി നമ്പർ 5 തീയതി 12.07.24)

1-9 പെയിൻ & പാലിയേറ്റീവ് കെയർ പഞ്ചായത്തിനുള്ള വിഹിതം-ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ : S0062/24

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പദ്ധതിഅടങ്കൽ : ₹500000/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം)

പദ്ധതി ചെലവ് : ₹299930

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പഞ്ചായത്തിനുള്ള വിഹിതം നല്കൽ പദ്ധതിയിൽ 299930 രൂപ താഴെ പറയുന്ന പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്.

ക്രമ നം.	ഗ്രാമ പഞ്ചായത്ത്	വൗച്ചർ നം.& തിയ്യതി	വിഹിതം
1	വലപ്പാട്	22300295/16.09.2023	99987
2	വാടാനപ്പള്ളി	22300348/27.11.2023	99943
3	നാട്ടിക	22300575/16.02.2023	100000
			299930

മേൽ പഞ്ചായത്തുകളിൽ വലപ്പാട് ഗ്രാമപഞ്ചായത്ത് ധന വിനിയോഗസാക്ഷ്യപത്രം നാളിതു വരെ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.7/12.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ധന വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-10 ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 12/24 ആയി നടപ്പിലാക്കിയ പി.എം.എ.വൈ(ജി) ഭവന നിർമ്മാണം എസ്.സി എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് ടി സാമ്പത്തിക വർഷം താഴെ ചേർക്കും പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഭവന നിർമ്മാണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗുണഭോക്താക്കളുടെ പേരുവിവരം	2023-24 ൽ കൈപറ്റിയ തുക/ തീയതി	നാളിതുവരെ കൈപ്പറ്റിയ തുക
പ്രേമ കൃഷ്ണൻ, മോങ്ങാടി, ഏങ്ങണ്ടിയൂർ	70000/18.05.23 98,000/04.01.24	376000
പ്രവീണ അജിത്ത്, ചെമ്പൻ വീട്, കുണ്ടലിയൂർ	70000/14.06.23	376000

മേൽ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 16 തീയതി 12.07.24)

1-11 പഠനമുറി പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
പ്രൊജക്ട് നമ്പർ/പേര്	SO 050/24 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പട്ടികജാതി വികസന ഓഫീസറുടെ 50/24 നമ്പർ പ്രൊജക്ട് പ്രകാരം 2023-24 വർഷത്തിൽ 5 വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	നൽകിയ തുക	തുക കൈപറ്റിയ തിയ്യതി
1	ആദർശ്.എ ആർ	30000 /-	06.02.24
		60000 /-	20.02.24
2	ധനഞ്ജയൻ .കെ.എം	30,000/-	07-02-2024
3	സാന്ദ്ര മോൾ.ടി.ആർ	30000 /-	07.02.24
		60000 /-	16.02.24
4	അനശ്രീ എം. ബി	30,000/-	07.02.24
		60000 /-	19.02.24
5	ചന്ദനകൃഷ്ണ. സി.യു	30000 /-	08.02.24
		60000 /-	17.02.24

എന്നാൽ ഫയൽ/രജിസ്റ്റർ പരിശോധിച്ചതിൽ ആരും തന്നെ പഠനമുറിയുടെ പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.വിദ്യാർത്ഥികളുടെ പഠനമുറികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 17 തീയതി 12.07.24).

1-12 എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വലപ്പാട് സി.എച്ച്.സി,വാടാനപ്പിള്ളി സി.എച്ച്.സി എന്നിവയുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം.6/11.07.24) നൽകിയെങ്കിലും കൃത്യമായ മറുപടി

നൽകിയിട്ടില്ല.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്താത്ത വർഷങ്ങളിലെ വാർഷിക കണക്കുകൾ താമസംവിനാ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-13 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് സമുച്ചയ നിർമ്മാണം-ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം-84/24

വകയിരുത്തിയ തുക -വികസന ഫണ്ട് പൊതുവിഭാഗം 343675/

